ആശുപത്രി. ഇവിടെയെല്ലാം തന്നെ വരുന്നതിനുവേണ്ടി മൊയ്യം, കുറുമാത്തൂർ, പെങ്ങളായി, മയ്യിൽ, കണ്ടക്കൈ, ആന്തൂർ, കുളച്ചേരി എന്നീ പ്രദേശങ്ങളിൽ നിന്നും വരുന്നതിനായിട്ടുള്ളതാണ് ഈ പാലം. ശ്രീ. പങ്കജാക്ഷൻ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ ഈ സ്ഥലത്ത് പോയി. അതിന്റെ ആവശ്യകത മനസ്സിലാക്കി അടിയന്തിര നടപടികളും സ്വീകരിച്ചു കൊണ്ട് അവിടെ ഒരു മരപ്പാലം പണിതിട്ടുണ്ട്. ഇത് എം. എൽ. എ റോഡിൽപ്പെട്ട പാലമാണ്. സർ, ഈ പാല, ആയിരക്കണക്കിന് ആളുകൾക്കും രോഗികൾക്കും ഗതാഗതത്തിനുവേണ്ടിയുള്ള പാലമാണ്. അതുകൊണ്ട് എം. എൽ. എ. റോഡിൽപ്പെട്ടിട്ടുള്ള വരഡുൽ പാലത്തിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ പാലം നിർമ്മിക്കേണ്ടത് കാവുമുനമ്പ്, മുള്ളൂർ, വെള്ളിക്കൈ, ഏഴാമൈ തൃച്ചമ്പം, മൊയ്യം, കോംമട്ട എന്നീ റോഡുകളിലെ 13.060 കിലോമീറ്ററിലാണ്. ഈ റോഡ് എം. എൽ. എ. റോഡിൽപ്പെടുന്നതാണ്. ഈ റോഡിന്റെ ഒന്നാം ഘട്ടത്തിന്റെ പണിക്ക് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പണിയേറ്റടുത്ത് നടത്തുന്നതിനുള്ള അനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിന്റെ പണി അവസാനിക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിന്റെ പണിയും തുടർന്നു നടത്തുന്നതാണ്. അതിന്റെ ഭരണാനുമതിക്ക് അയ്യക്കാനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വരഡുൽപാലം രണ്ടാം ഘട്ടത്തിന്റെ പണിയിലാണ് ഉൾപ്പെടുന്നത്. പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി, ഭരണാനുമതി, സാങ്കേതികാനുമതി, എന്നീ നടപടി ക്രമങ്ങളും പൂർത്തിയാക്കിയതിനു ശേഷമേ പണി ആരംഭിക്കാൻ സാദ്ധ്യമാകുകയുള്ളു.

(19) പെരിയാർ നദിയിലെ ജലമലിനീകരണം

ശ്രീ. കെ. മുഹമ്മദാലി : സർ, എറണാകുളം ജില്ലയിലെ ജനങ്ങളും കുടിവെള്ളത്തിനു ആശ്രയിക്കുന്നത് പെരിയാർ നദിയിലെ വെള്ളമാണ്. കഴിഞ്ഞ കുറെ വർഷങ്ങൾക്കുമുമ്പ് ഔഷധവീര്യമുള്ള ജലമാണ് പെരിയാർ നദിയിലൂടെ ഒഴുകികൊണ്ടിരുന്നത്. ഇന്ന് ആശങ്കാജനകമായ രീതിയിൽ പെരിയാർ നദിയിലെ വെള്ളം മലിനീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ദേശീയതലത്തിൽ നടന്ന ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ മാരകമായ വിഷദ്രാവകങ്ങളുടെ കലവറയായി ഇന്നു പെരിയാർ നദി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗംഗാനദി ശുദ്ധീകരണ പദ്ധതിപോലെ വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി എറണാകുളം ജില്ലയിലെ ജനങ്ങളേ മൊത്തത്തിൽ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തെ നേരിടുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചാൽ കേന്ദ്രഗവൺമെന്റിൽനിന്ന് സഹായം നേടുവാൻ കഴിയുന്നതാണ്. ഏതായാലും ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്. അങ്ങേയറ്റം മലിനീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. വ്യവസായസ്ഥാപനങ്ങളിലെ വിഷദ്രാവകങ്ങളും അതുപോലെ തന്നെ ഓടകളിലെ വെള്ളവുമെല്ലാം ഈ നദിയിൽ തുറന്നു വിടുന്നതു കാരണം വളരെ മോശമായ, ഏറ്റവും വിഷലിപ്തമായ രീതിയിൽ ആ പുഴയിലെ വെള്ളം മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് അടിയന്തിരമായ നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഉദ്യോഗമണ്ഡലിലെ ഫാക്ടറിയിൽ നിന്നും വരുന്ന ജലം കാരണം പെരിയാർ നദിയിലെ ആ ഏരിയായിലെ വെള്ളം കുറച്ച് മലിനീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കുളിക്കാനുംപ്പെടെ ആ വെള്ളം ഉപയോഗിക്കാൻ നിവൃത്തിയില്ല എന്നത് ശരിയാണ്. പക്ഷേ, ഭാഗ്യവശാൽ ഈ ഫാക്ടറി ഇരിക്കുന്ന സ്ഥലത്തിന്റെ മുകൾഭാഗത്തായിട്ടാണ് ശുദ്ധജല വിതരണത്തിനുള്ള സംവിധാനമുള്ളത്. അതുകൊണ്ട് എറണാകുളം നഗരത്തിലും മറ്റു പ്രദേശങ്ങളിലും അവിടെ നിന്ന് വെള്ളം ശുദ്ധിചെയ്ത് പമ്പ് ചെയ്ത് എത്തിക്കാനുള്ള ബുദ്ധിമുട്ട് ഇപ്പോഴില്ല., അതേയവസരത്തിൽ ട്രാവൻകൂർ റയോൺസ് ഫാക്ടറിയിൽനിന്നും വരുന്ന വെള്ളം മലിനീകൃതമാണ്. എന്നാൽ ഇപ്പോൾ ആ ഫാക്ടറി പൂട്ടിക്കിടക്കുന്നതുകൊണ്ട് തൽക്കാലം ബുദ്ധിമുട്ടില്ല. എങ്കിലും ജല മലിനീകരണ നിയന്ത്രണ ബോർഡ് ചില കാര്യങ്ങളെ സംബന്ധിച്ച് അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉദ്യോഗമണ്ഡലത്തിലുള്ള ഫാക്ടറികളിൽ അതിനുള്ള പ്രാഥമികമായ ജോലികൾ ആരംഭിച്ചു കഴിഞ്ഞു. അവരോട് ആ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ട്രാവൻകൂർ റയോൺസിന്റെ കാര്യത്തിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള തായ എക്വിപ്പ്മെൻറ്സുകൾ വാങ്ങിച്ച് അതിനുള്ള നടപടികൾ സ്വീകരിച്ച് അത് നിയന്ത്രണത്തിൽ കൊണ്ടുവരാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ആ ഫാക്ടറി തുറക്കുന്നതിനുമുമ്പ് അതിനുള്ള സംവിധാനം പൂർത്തിയാകും. ശുദ്ധജല വിതരണത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അത് പ്രതികൂല മായി ബാധിച്ചിട്ടില്ല.

(20) മല്ലപ്പള്ളിയിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ റാ. എസ്. ജോൺ : സർ, മല്ലപള്ളി താലൂക്കിൽ ഇലക്ട്രിസിറ്റി വോൾട്ടേജ് പ്രശ്നം അതിരൂക്ഷമായിരിക്കുകയാണ്. എല്ലാ പ്രദേശങ്ങളിലും മിനാമിനുങ്ങ് വെട്ടം മാത്രമാണുള്ളത്. വോൾട്ടേജ് ഇംപ്രൂവ്മെൻറിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഇതിന് സ്ഥായിയായ പരിഹാരമാർഗ്ഗമെന്ന് പറയുന്നത് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ മല്ലപ്പള്ളിയിൽ ഉണ്ടാക്കുകയെന്നുള്ളതാണ്. അതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതിന്റെ ഗുരുതരാവസ്ഥ ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പും എന്നോട് പറഞ്ഞിട്ടുള്ളതാണ്. ഇരവിപേരൂർ-മല്ലപ്പള്ളി 11 കെ. വി. ലൈൻ വലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മല്ലപ്പള്ളിയിൽ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെൻറിന് തീർച്ചയായിട്ടും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ എടുക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(21) വണ്ടിപ്പെരിയാറിലെ 66 കെ. വി. സബ്സ്റ്റേഷൻ പണി പുനരാരംഭിക്കൽ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടിപ്പെരിയാർ, കുമിളി പ്രദേശങ്ങളിൽ വലിയ വൈദ്യുതി ക്ഷാമവും വോൾട്ടേജ് കുറവും അനുഭവപ്പെടുന്നു. നാല് വർഷത്തിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly